## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1762** **12.06.2019 ൽ മറുപടിയ്ക്ക്**

### അനധികൃത ബസ് സർവ്വീസുകളുടെ നിയന്ത്രണം

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോൺട്രാക്റ്റ് ക്യാരേജ് വ്യവസ്ഥയിൽ സർവ്വീസ് നടത്തുന്നതിന് അനുമതി നേടിയെടുക്കുന്ന സ്വകാര്യ ബസുകൾ സ്റ്റേജ് ക്യാരേജ് സമ്പ്രദായത്തിൽ സർവ്വീസ് നടത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | കോൺട്രാക്റ്റ് ക്യാരേജ് പെർമിറ്റ് എടുത്തിട്ടുള്ള ചില സ്വകാര്യ ബസുകൾ സ്റ്റേജ് ക്യാരേജ് സമ്പ്രദായത്തിൽ സർവ്വീസ് നടത്തുന്നതായി മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് വരുത്തുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം ബസുകളിൽ യാതൊരു മാനദണ്ഡവുമില്ലാതെ ചാർജ് ഈടാക്കുന്നതും അകാരണമായി യാത്രക്കാരെ മർദ്ദിക്കുന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോൺട്രാക്റ്റ് ക്യാരേജുകൾ യാത്രാനിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചാർജ് അമിതമാണോ എന്ന് വിലയിരുത്താൻ കഴിയില്ല. വിശേഷ അവസരങ്ങളിൽ സാധാരണ നിരക്കിനു വിപരീതമായി ചാർജ്ജ് ഈടാക്കുകയാണെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. യാത്രക്കാരോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് മരട് പോലീസ് സ്റ്റേഷനിൽ ക്രൈം കേസ് നമ്പർ 698/2019 രജിസ്റ്റർ ചെയ്തതായി അറിയുന്നു. |
| (ഡി) | എങ്കിൽ ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കാൻ എന്തൊക്കെ നിയമനടപടി സ്വീകരിക്കും; വിശദാംശം നൽകുമോ? | (ഡി) | ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ വിശദമായ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 7480 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ